(ജി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ട്രേറ്റിലെ ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ട് അന്തിമമായിട്ടില്ല. 1-9-1997 മുതൽ 31-10-1998 വരെയുള്ള കാലത്തേയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എച്ച്.ഡി.സി.യും പെടുന്നു. ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(എച്ച്) വികസന സമിതിയുടെ കണക്കുകൾ ഡി.എം.ഇ.യിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും പരിശോധിക്കാറുണ്ട്.

മെഡിക്കൽ കോളേജ് ജീവനക്കാരുടെ എണ്ണം

144 (148) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം ഇപ്പോൾ എത്ര ; കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഓരോ കാറ്റഗറിയിലും ഇപ്പോൾ എത്ര വീതമുണ്ട് ;

(സി) കിടക്കകളുടെ അടിസ്ഥാനത്തിൽ 15 മുതൽ 19 വരെയുള്ള വാർഡുകളിൽ വിവിധ കാറ്റഗറികളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിൽ ആകെ ആവശ്യമുള്ള ജീവനക്കാർ 1705 പേർ ആണ്. കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

145 (149) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്ഥിരമായ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ആശുപത്രികൾ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ ജില്ലയിലെ പി.എച്ച്സെന്ററുകളിൽ ആവശ്യമായ സ്റ്റാഫിന്റെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(സി) ശ്രീകണ്ഠപുരം പഞ്ചായത്തിലെ കൂടുമുഖം പി.എച്ച്.സി.കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. എന്നാൽ താഴെകൊടുത്തിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ഡോക്ടർമാരുടെ സേവനമാണുള്ളത്.

1. ജി.ആർ.ഡി. പട്ടുവം
2. പി.എച്ച്.സി. കൂടുമുഖം
3. പി.എച്ച്.സി. കൊളച്ചേരി
4. പി.എച്ച്.സി. കണ്ണപുരം
5. പി.എച്ച്.സി. കണിച്ചാർ
6. പി.എച്ച്.സി. മാടാച്ചിറ
7. പി.എച്ച്.സി. ഇരിക്കൂർ
8. പി.എച്ച്.സി. എരുമം കുറ്റൂർ
9. പി.എച്ച്.സി. ചെറുകുന്ന്.
10. പി.എച്ച്.സി. ഉദയഗിരി
11. പി.എച്ച്.സി. പൂഴാദി
12. പി.എച്ച്.സി. പെരളശ്ശേരി
13. പി.എച്ച്.സി. പുരത്തൂർ
14. പി.എച്ച്.സി. മുട്ടം
15. പി.എച്ച്.സി. മൊറാഴ
16. പി.എച്ച്.സി. മുണ്ടാടിടം
17. പി.എച്ച്.സി. കുന്നത്തുപറമ്പ്
18. പി.എച്ച്.സി. അടിയാൻമല
19. പി.എച്ച്.സി. കൊടിയൂർ
20. പി.എച്ച്.സി. കോട്ടയം മലയാർ

LIBRARY ARCHIVES Kerala Legislative Assembly

21. പി.എച്ച്.സി. ഏടിക്കുളം
22. പി.എച്ച്.സി. എളവല്ലി.
23. പി.എച്ച്.സി. ചൊക്ളി
24. പി.എച്ച്.സി. ചേലോറ
25. പി.എച്ച്.സി. പപ്പാരപ്പടവ്
26. പി.എച്ച്.സി. അഞ്ചടിക്കടവ്
27. പി.എച്ച്.സി. ആലക്കോട് (മർത്തലി)
28. പി.എച്ച്.സി. ആലക്കോട് (മണ്ടകടവ്)
29. പി.എച്ച്.സി. ന്യൂമാഹി.
30. പി.എച്ച്.സി. കരിക്കോടത്തറി
31. പി.എച്ച്.സി. വേങ്ങോട്

(ബി) ഇല്ല.

(സി) ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്കു വിധേയരായവർക്ക് ലഭിക്കുന്ന ഓണറേറിയം

146 (150) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന സ്ത്രീകൾക്ക് നൽകുന്ന ഓണറേറിയം യഥാസമയം നൽകാറുണ്ടോ ;

(ബി) ഇപ്രകാരം ഓണറേറിയം ലഭിക്കാത്തവർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1994 ഫെബ്രുവരി ആദ്യ ആഴ്ചയിൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പിപിഎസ് നടത്തിയ ശ്രീമതി ആർ. കൃഷ്ണകുമാരിക്ക് ഓണറേറിയം നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ഒന്നും ലഭിച്ചിട്ടില്ല.

(സി) ഫെബ്രുവരി ആദ്യവാരത്തിൽ പി. പി. എസ് നടത്തിയ ശ്രീമതി ആർ. കൃഷ്ണകുമാരിക്ക് (C/o. മണി, മുല്ലശ്ശേരി വീട്, ചിറക്കുളം, വഞ്ചിയൂർ) 18-2-1994-ൽ ഓണറേറിയം നൽകിയിട്ടുള്ളതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly